**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1180** **18-09-2025 - ൽ മറുപടിയ്ക്ക്**

**പേപ്പാറ ഡാമിന്റെ സംഭരണശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേപ്പാറ ഡാമിന്റെ സംഭരണശേഷി 110.5 മീറ്ററിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദികരിക്കുമോ; | (എ) | പേപ്പാറ ഡാമിന്റെ സംഭരണശേഷി 110.5 മീറ്ററിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണശേഷി ഉയർത്തുന്നതിന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതുണ്ട്.ഇതിനായി പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുകയും, പരിവേഷ് പോർട്ടലിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം പൂർണ്ണമായി സർവ്വേ ചെയ്തതിന്റെ വിശദാംശങ്ങളും, അധികമായി മുങ്ങുന്ന പ്രദേശത്തിന്റെ വിസ്തൃതി കണക്കാക്കി സ്കെച്ചുകൾ ഉൾപ്പെടെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തയ്യാറാക്കുകയും ചെയ്തു. എന്നാൽ പരിവേഷ് പോർട്ടലിലെ സാങ്കേതിക പ്രശ്നം കാരണം അപേക്ഷ തുടർന്ന് സമർപ്പിക്കാൻ സാധിച്ചില്ല. നിലവിലെ പ്രസ്തുത വിഷയം സംസ്ഥാന വനം വകുപ്പുമായി ബന്ധപ്പെട്ടു കൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മേൽ വിഷയത്തിൽ വനം വകുപ്പ് എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ; | (ബി) | പേപ്പാറ ഡാമിന്റെ സംഭരണശേഷി ഉയർത്തുന്ന വിഷയത്തിൽ വനം പകുപ്പ് എതിർപ്പൊന്നും അറിയിച്ചിട്ടില്ല. എന്നാൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലേക്ക് വെള്ളം കയറുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ വിശദീകരണം വനം വകുപ്പ് ആവശ്യപ്പെടുകയും അതിന്റെ വിശദാംശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വനം വകുപ്പ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഏത് രീതിയിൽ പരിഹരിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | വനം വകുപ്പ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം പൂർണ്ണമായി സർവ്വേ ചെയ്തതിന്റെ വിശദാംശങ്ങളും, അധികമായി മുങ്ങുന്ന പ്രദേശത്തിന്റെ വിസ്തൃതി കണക്കാക്കി സ്കെച്ചുകൾ ഉൾപ്പെടെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തയ്യാറാക്കുകയും ചെയ്തു. എന്നാൽ പരിവേഷ് പോർട്ടലിലെ സാങ്കേതിക |

| | | | |
|---|---|---|---|
| | | | പ്രശ്നം കാരണം അപേക്ഷ തുടർന്ന് സമർപ്പിക്കാൻ സാധിച്ചില്ല. നിലവിലെ പ്രസ്തുത വിഷയം സംസ്ഥാന വനം വകുപ്പുമായി ബന്ധപെട്ടു കൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നതിലൂടെ ശുദ്ധജലവിതരണത്തിൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിലൂടെ 17.4 മില്യൺ ക്യൂബിക് മീറ്റർ അധിക ജലം സംഭരിക്കാൻ സാധിക്കും. ഈ വഴി തിരുവനന്തപുരം നഗരത്തിൽ കൂടുതൽ ശുദ്ധജലം എത്തിക്കാനും, വേനൽ കാലങ്ങളിൽ നഗരത്തിലെ ശുദ്ധജലക്ഷാമം കാര്യക്ഷമമായി നേരിടാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ